കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/
ജി.പി.7/896/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/896/2022 തീയ്യതി: 23/06/2022

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ.കെ.	ഡെപ്യൂട്ടി ഡയറക്ടർ	09-05-2022	21-05-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-05-2022	21-05-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ലിഷ.കെ.വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സുഭാഷ്.ആർ.	പ്രസിഡന്റ്	01-04-2020	11-11-2020
ശ്രീമതി പി.ബീന.	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ. ഡി.അനിൽകുമാർ	സെക്രട്ടറി	01-04-2020	09-11-2020
ശ്രീ. ജി.ചന്ദ്രഹാസൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	10-11-2020	29-11-2020
ശ്രീ. ഡി അനിൽകുമാർ	സെക്രട്ടറി	30-11-2020	04-03-2021
ശ്രീ. ജി.ചന്ദ്രഹാസൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-03-2021	16-03-2021
ശ്രീമതി നിഷ.വി.ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-03-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. ഷീജ.പി.കെ.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി,)	01-04-2020	09-12-2020
ഡോ. ഷാജഹാൻ റാബുമോൾ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	10-12-2020	29-01-2021
ഡോ. ജേക്കബ്.എസ്.എൽ.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	30-01-2021	31-03-2021
ഡോ. സ്മിത.പി.എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2020	31-03-2021
ഡോ. ബി.ദിലീപ്	സീനിയർ വെറ്ററിനറി സർജൻ	01-04-2020	31-03-2021

ശ്രീമതി ഷെറിൻ.എസ്.മസൂദ്	കൃഷി ഓഫീസർ	01-04-2020	28-02-2021
ശ്രീമതി ലീന.എൻ	കൃഷി ഓഫീസർ	01-03-2021	31-03-2021
ശ്രീമതി സന്ധ്യ.ആർ.നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ. ജി.ചന്ദ്രഹാസൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	15-03-2021
ശ്രീമതി നിഷ.വി.ആർ	അസിസ്റ്റന്റ് സെക്രട്ടറി	16-03-2021	31-03-2021
ശ്രീ. ശരത്ചന്ദ്രൻ	ഹെഡ്മാസ്റ്റർ	01-04-2020	31-03-2021
ശ്രീമതി വിജയകുമാരി.പി.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീ. സന്ദീപ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1	01-04-2020	31-03-2021
ശ്രീ. അശോകൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2	01-04-2020	31-03-2021
ശ്രീമതി ഇന്ദു	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	02-07-2020
ശ്രീ.വിനോദ്.ആർ.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	03-07-2020	31-03-2021
ഡോ. വിദ്യ. എസ്.	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2020	17-02-2021
ഡോ. സ്മിത.എസ്.ആർ.	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	18-02-2021	31-03-2021

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി ഭരണം

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	ബജറ്റ് വകയിരുത്തൽ - വരവ് സംബന്ധിച്ച അപാകങ്ങൾ	1-1-1
3	ബജറ്റ്- വിഹിതം ചെലവഴിക്കുന്നതിലെ അപാകങ്ങൾ	1-1-2
4	വാർഷിക ധനകാര്യ പത്രിക – അപാകങ്ങൾ	1-2-1
5	വാർഷിക ധനകാര്യ പത്രിക	1-2
6	ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം	1-3-1
7	ഗ്രാന്റ് വിനിയോഗം	1-3
8	പദ്ധതി അവലോകനം	1-4
9	ക്ഷേമ പദ്ധതികൾ	1-5
10	ക്യാഷ് പരിശോധന	1-6
11	ആഭ്യന്തരനിയന്ത്രണം	1-7
12	തൊഴിലുറപ്പ് പദ്ധതി	1-8
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ	1-9
14	ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.	1-10
15	കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടില്ല.	1-11-1
16	വസ്തുനികുതി-മേഖലാനിർണയത്തിലെ അപാകതകൾ	1-11-2
17	കെട്ടിടങ്ങളെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-11
18	സഞ്ചയയിൽ ഇല്ലാത്ത കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് അനുവദിക്കുന്നു.	1-12-1
19	ലൈസൻസ് പുതുക്കി നൽകിയില്ല.	1-12-2
20	ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല.	1-12-3
21	റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.	1-12-4
22	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-12-5
23	പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.	1-12
24	അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റിയത് ലേലംചെയ്തിട്ടില്ല.	1-13
25	പാലിന് സബ്സിഡി -അധിക തുക അനുവദിച്ചു.	1-14
26	ലക്ഷം വീട് പുനരുദ്ധാരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.	1-15
27	ലൈഫ് ഭവന പദ്ധതി- അപാകങ്ങൾ	1-16
28	പദ്ധതിയിൽ നിന്നും വ്യത്യസ്തമായി ചെലവ് ചെയ്യുമ്പോൾ ഭരണസമിതി അംഗീകാരം ഉറപ്പാക്കേണ്ടതാണ്.	1-17
29	എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.	1-18
30	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.	1-19
31	ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.	1-20
32	പാഥേയം- വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല.	1-21
33	വിദ്യാർത്ഥികൾക്ക് പഠനമുറി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.	1-22
34	വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി സജീവമായി ഇടപെടുന്നില്ല.	1-23
35	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം.	1-24
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിനിയോഗം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 1/1 തീയതി 17.03.2020 -ാം തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 15.02.2021 തീയതിയിലെ സാധാരണ യോഗം 10/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 137592837/- രൂപ വരവും 135351580/-രൂപ ചെലവും 2241257/- രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് 17.03.2020 ൽ അംഗീകരിച്ചത്.

1-1-1 ബജറ്റ് വകയിരുത്തൽ - വരവ് സംബന്ധിച്ച അപാകങ്ങൾ

2020-21 ലെ താഴെ ചേർക്കുന്ന നികുതിയേതര വരവ് ഇനങ്ങളുടെ വരുമാനം ഉയർത്തി കാട്ടിയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് .

ഹെഡ്	ഇനം	പ്രതീക്ഷിത വരവ്	യഥാർത്ഥ വരവ്
1301001	Rent From Land And Building	320000	0
1701001	Income From Investments	100000	0
1711001	Interest From Bank Accounts	150000	0

1-1-2 ബജറ്റ്- വിഹിതം ചെലവഴിക്കുന്നതിലെ അപാകങ്ങൾ

വിവിധ പ്ലാൻ റവന്യു ചെലവുകൾ, ബജറ്റിൽ വകയിരുത്തിയതിന്റെ തുകയുടെ അമ്പത് ശതമാനത്തിൽ താഴെയാണ് . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

ഹെഡ്	ഇനം	ബജറ്റിൽ വകയിരുത്തിയ തുക	യഥാർത്ഥ ചെലവ്	ബജറ്റ് നീക്കിയിരിപ്പ്	ചെലവ് ശതമാനം(%)
2513001	Housing	10307600	4898600	5409000	48%
2521002	Energy - Other Electrification Programme	14000	0	14000	0
2552017	Maintenance Projects -Non Road Assets - Other Transferred Assets	150000	38302	111698	25%

1-2-1 വാർഷിക ധനകാര്യ പത്രിക – അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസവും തയ്യാറാക്കിയിട്ടില്ല. അപ്രകാരം ഡിമാന്റ് രേഖപ്പെടുത്താത്ത ഏതാനും ഇനങ്ങൾ താഴെ ചേർക്കുന്നു

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൌച്ചർ നം	
101100101	Property Tax On Residential Buildings	42000263/16-4-20	4200294/31-3-21
101100103	Property Tax On Non Residential Buildings	42000265/16-4-20	42000298/31-3-21

3. 2020-21 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ Fixed Assets-ന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(A) ൽ കണക്കാക്കിയിട്ടില്ല. തൻവർഷ B-11 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തപ്പെട്ട ആസ്തികളുടെ ഡിപ്രീസിയേഷനും 2019-20 വർഷത്തെ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷനും ഒരേ തുക തന്നെയാണ് .

5. താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ മുൻവർഷത്തെ അതേ തുക തന്നെ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

ക്രമ നമ്പർ	ഹെഡ് കോഡ്	2019-20 ബാലന്റ്സ് ഷീറ്റ പ്രകാരം	2020-21 വർഷത്തെ ചെലവ	2020-21 ബാലന്റ്സ് ഷീറ്റ
1	320100116	6000	0	6000
2	320200104	698906	0	698906
3	320200299	116236	0	116236
4	320200309	3950	0	3950
5	320300199	15000	0	15000

6. 2020-21 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം വിവിധ പ്രോജക്കുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 390023/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക ക്രമീകരിക്കേണ്ടതാണ്.

7. ബി 18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള ചുവടെ പറയുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

കോഡ്	ഇനം	തുക
460500501	Advance To Implimenting Officers	7947

8 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-18 ഷെഡ്യൂളിൽ Advance To Implementing Agencies- Deposit With KSEB ഇനത്തിൽ 418462/- രൂപയും വാട്ടർ അതോറിറ്റിക്ക് 1026495/- രൂപയും വിവിധ വർഷങ്ങളിലായി നൽകിയിട്ടുണ്ട് .

9. താഴെ പറയുന്ന ചെക്കുകൾ Liability In Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടിട്ടില്ല (ജില്ലാ സഹകരണ ബാങ്ക് - തനതു ഫണ്ട്).

ക്രമ നം	ചെക്ക് നം / തിയ്യതി	തുക
1	169720/20-7-19	212
2	10469	1500
3	13162/19-6-18	600
4	15188/14-2-18	2700
5	15092/31-1-18	5400

10. 2019-20 വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരം ഒരിനത്തിനും അരിയർ ഇല്ല. എന്നാൽ 20-21 വർഷത്തെ RP-43 പ്രകാരം ചില ഇനങ്ങൾക്ക് അരിയർ കളക്ഷനുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

ക്രമ നം	ഇനം	2019-20-B-15	2020-21 ലെ RP-43 പ്രകാരം വരവ്
431100102	Receivables For Property Tax On Residential Buildings (Arrear)	0	3807
431100104	Receivables For Property Tax On Non Residential Buildings (Arrear)	0	30324
431190102	Receivables For Profession Tax On Institution /Professionals/ Traders (Arrear)	0	5520
431300102	Receivable ForLicence Fees For Dangerous And Offensive Trade (Arrears)	0	2300

11. വാർഷിക ധനകാര്യപത്രിക, സഞ്ചയ സോഫ്റ്റ്വെയർ എന്നിവ പ്രകാരമുള്ള വസ്തു നികുതി തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു .

ഇനം	ഡിമാന്റ്		കളക്ഷൻ		ബാലൻസ്	
	വാർഷിക ധനകാര്യ	സഞ്ചയ	വാർഷിക ധനകാര്യ	സഞ്ചയ	വാർഷിക ധനകാര്യ	സഞ്ചയ

	പത്രിക		പത്രിക		പത്രിക	
Property Tax On Residential Building-Current	879457	916327	879457	925528 (891959+33569)	0	0
Property Tax On Non Residential Building-Current	1159135	1164059	1112054	11231169 (1113293+9876)	49435	47081
Property Tax On Residential Building-Arrear	0	3239	3807	4273	0	0
Property Tax On Non Residential Building-Arrear	0	30324	30324	30324	0	0

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി - 19/18-5-22 താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

1. പ്രസ്തുത അനുപാതം സംബന്ധിച്ച റിപ്പോർട്ട് സാംഖ്യയിൽ ലഭിക്കാത്തതിനാൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

2.വരും സാമ്പത്തിക വർഷത്തിൽ എല്ലാ മാസങ്ങളിലും ഡിമാന്റ് രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

3 . സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി വരും വർഷങ്ങളിൽ B-14 ൽ ഉൾപ്പെടുത്തുന്നതാണ് .

4 . വരും വർഷങ്ങളിൽ ഡിപ്രീസിയേഷൻ കൂടി ഉൾപ്പെടുത്തി എ എഫ് എസ് തയ്യാറാക്കുന്നതാണ് .

5.(1)-തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

5(2)-വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്ന മുറക്ക് ക്രമവൽക്കരിക്കുന്നതാണ്.

5(3) -തുക ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

5(4)-തിരികെ അടക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്

5(5)- തുക ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്

6. തുക ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കളക്ട് ചെയ്തതാണ്. ആയത് വിനിയോഗം സാധ്യമാകുന്ന മുറയ്ക്ക് വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്നതാണ്.

7. മിനി എം.സി.എഫ് കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയ്ക്ക് നൽകിയ തുകയാണ്. എ ഇ യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണ് .

8. 714631 /- രൂപയുടെ വിനിയോഗ സാക്ഷ്യസാക്ഷ്യപത്രം 2021-22 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.

9. തുക മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്

10.സഞ്ചയ പ്യൂരി ഫിക്കേഷന്റെ ഭാഗമായി കെട്ടിട നമ്പർ കറക്റ്റ് ചെയ്തപ്പോൾ വന്ന കുടിശ്ശിക തുകയാണ് .

11. സോഫ്റ്റ്വെയർ അപാകത മൂലം സംഭവിച്ച അപാകം പരിഹരിക്കുന്നതാണ് .

മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി	വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി
31.07.2021	11.05.2021

1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

		പൊതുവിഭാഗം ജനറൽ	ചെലവ് ശതമാനം	എസ് സി പി	ചെലവ് ശതമാനം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ചെലവ് ശതമാനം	മെയിന്റനൻസ് ഗ്രാന്റ് റോഡ്	ചെലവ് ശതമാനം	മെയിന്റനൻസ് വിഭാഗം ഗ്രാന്റ് നോൺറോഡ്	
പൊതുവിഭാഗം-ഉല്പാദനം	അടങ്കൽ	2329720		0		0		0		350000	100
	ചെലവ്	2100825	90%	0	0	0		0	0	350000	
പൊതുവിഭാഗം-സേവനം	അടങ്കൽ	6940128		0		3279155		0		2203742	
	ചെലവ്	5810444	83%	0	0	1208401	37%	0		2126439	96%
പൊതുവിഭാഗം-പശ്ചാത്തലം	അടങ്കൽ	389600		0		5169023		9588165		1652695	
	ചെലവ്	379468	97%	0	0	4585713	88%	7886000	82%	942565	57%
പട്ടിക ജാതി വിഭാഗം-ഉല്പാദനം	അടങ്കൽ			860000		0		0		0	
	ചെലവ്			539900	62%	0	0	0		0	
പട്ടിക ജാതി വിഭാഗം-സേവനം	അടങ്കൽ			7452220		0		0			

	ചെലവ്			5009283	67%	0	0%	0		0	
പട്ടിക ജാതി വിഭാഗം-പശ്ചാത്തലം	അടങ്കൽ			519680		0				0	
	ചെലവ്			438293	**84%**	0	0%		%	0	

1-3-2- 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.

ക്രമ നം	പ്രത്യേക പദ്ധതി/മേഖല	വകയിരുത്തൽ തുകയുടെ അനുപാതം	അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക	പഞ്ചായത്ത് വകയിരുത്തിയ തുക	ചെലവ്
1	2	3	4	5	6
1	പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാവിഭജനത്തിന് ലഭ്യമാകുന്ന തുക	അനുബന്ധം 4 പ്രകാരമുള്ള തുക 8171000 ന്റെ ലൈഫ് ഭവന പദ്ധതിക്കു വേണ്ടി മാറ്റി വച്ച 20% കഴിച്ചുള്ള തുക	6536800	9659448	8290737 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% ഉൾപ്പെടെയുള്ള ചെലവ്)
	എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക				
2	ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം)	അനുബന്ധം 4 പ്രകാരമുള്ള തുക 8171000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുകയുടെ 10%	1961040	2329720	2100825
3	ശുചിത്വ മാലിന്യ സംസ്കരണം ,ജല സംരക്ഷണം	അനുബന്ധം 4 പ്രകാരമുള്ള തുക 3590000 ന്റെ 15%	0	-	-
	ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക				
4.	പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക	അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ് സി പി തുകകളുടെ 20% (15373000 X20%)	3074600	6852377	4472000
5	പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക	പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (8171000x 20%)	1634200	2190252	1418549
6.	വനിത ഘടക പദ്ധതി	പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 10% (X 10%)	1373880	1916000	1489900
7	കുട്ടികൾ , ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി	പട്ടിക 3ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 5% (X 5%)	686940	2180000	1530437
8.	വയോജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ	പട്ടിക 3ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്.സി പി തുകയുടേയും 5% (X 5%)	686940	1573050	1375360
	സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക				
9	ജനറൽ സാധാരണ വിഹിതം- പശ്ചാത്തലം	പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുക ന്റെ 30%	1961040 (വകയിരുത്താവുന്ന കൂടിയ തുക)	389600	379468
10	പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം	പട്ടികജാതി ഉപ പദ്ധതിയുടെ 30% (X30%)	2160600 (വകയിരുത്താവുന്ന കൂടിയ തുക)	519680	438293
11	പട്ടിക വർഗ്ഗ ഉപ പദ്ധതി-പശ്ചാത്തലം-	പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30%	0	0	0

1-3-3 അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

ക്രമ നം	പദ്ധതി	ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ	ചെലവ്	ചെലവ്%

1.	അങ്കനവാടി പോഷകാഹാര വിതരണം	800000	800000	100%
2	എസ് എസ് എ	100000	100000	100%
3	പാലിയേറ്റീവ് കെയർ	400000	400000	100%
4	ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും	445500	439000	98%
5.	പി എം എ വൈ ക്ക് അധിക വിഹിതം	100000	0	0
6.	ആശ്രയ പ്രോജക്ട്	300000	250000	83%
7	ഐ കെ എം വിഹിതം	36300	36300	100%

മേൽ പട്ടികയിൽ നിന്നും കുറഞ്ഞ ചെലവ് ശതമാനം വന്ന മേഖലകളിൽ ഫലപ്രദമായി പദ്ധതികൾ ആവിഷ്കരിക്കാനും പദ്ധതി വിഹിതം/ഗ്രാന്റ് പൂർണമായി ചെലവഴിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	ബഡ്ജറ്റ് പ്രകാരമുള്ള തുക	പഞ്ചായത്തിന് നേരിട്ട് അനുവദിച്ച തുക	എഎഫ്എസ് പ്രകാരം വരവ്	മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ്	ചെലവ്	Source Deduction, 19-20 Queue Bill ഉൾപ്പെടെ ആകെ ചെലവ്	20-21 വർഷത്തെ Queue Bill	ചെലവ് ശതമാനം
വികസനഫണ്ട് ജനറൽ	0	8171000	8576284	6887588	6887588	6887588	8290737	0	96.67
വികസനഫണ്ട് SCP	0	7202000	6938549	5724025	5724025	5724025	5987476	-	86
മെയിന്റനൻസ് ഫണ്ട്-നോൺറോഡ്	0	3492000	3456680	3419004	3419004	3419004	3419004	0	99
മെയിന്റനൻസ് ഫണ്ട്-റോഡ്	0	7886000	7886000	7886000	7886000	7886000	7886000	0	100
സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ റ്റൈഡ് ഗ്രാന്റ്	0	3590000	7346918	4585713	4585713	4585713	4585713	-	62
സെൻട്രൽ ഫിനാൻസ് കമ്മീഷൻ റ്റൈഡ് ഗ്രാന്റ്	0	3590000	3590000	1208401	1208401	1208401	1208401	0	34

1) വികസനഫണ്ട് ജനറൽ അനുബന്ധം IV പ്രകാരം ബജറ്റ് അലോക്കേഷൻ തുക 8171000/- രൂപയാണ്. എന്നാൽ ചെലവ് - 8290737/-(Source Deduction ഉൾപ്പെടെ) രൂപയാണ്. ബജറ്റ് അലോക്കേഷൻ കൂടാതെ അധികമായി തുക ചെലവഴിച്ചതിന്റെ ഉത്തരവ് ലഭ്യമല്ല.

2- സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ റ്റൈഡ് ഗ്രാന്റ് അനുബന്ധം IV പ്രകാരം ബജറ്റ് അലോക്കേഷൻ തുക - 3590000/-രൂപയാണ്. എന്നാൽ ചെലവ് - 4585713/- (Source Deduction ഉൾപ്പെടെ) രൂപയാണ്. ബജറ്റ് അലോക്കേഷൻ കൂടാതെ അധികമായി തുക ചെലവഴിച്ചതിന്റെ ഉത്തരവ് ലഭ്യമല്ല.

1-4 പദ്ധതി അവലോകനം

2020-21 ൽ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത്(എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
166	13,41,87,563	140	4,28,80,480	-	26	84.33%

പദ്ധതി അടങ്കൽ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ പദ്ധതി ചെലവ് 31.96% മാത്രമാണ്. കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി., ഹോമിയോ, ആയൂർവേദം, എച്ച്.എം.എൽ.പി.എസ്., വി.ഇ.ഒ. സർക്കിൽ-2, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ എല്ലാ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്.

1-5 ക്ഷേമ പദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

ക്ഷേമ പദ്ധതികൾ	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	44040	63
കർഷകതൊഴിലാളി പെൻഷൻ	3978100	324
വിധവാ പെൻഷൻ	11313100	823
വാർദ്ധക്യകാല പെൻഷൻ	20914100	1655
വികലാംഗ പെൻഷൻ	3584200	244
വിവാഹ ധനസഹായം	60000	2
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	591400	44

1-6 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.05.2022 തീയതിയിൽ 10.30AM-ന് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1445/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് മിനിട്ട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. എങ്കിലും നികുതി, ഫീസ് എന്നിവയുടെ കളക്ഷൻ സംബന്ധിച്ച പോരായ്മകൾ പരിഹരിച്ചിട്ടില്ല.

2)ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തി ഫയൽ നീക്കം സുതാര്യവും സുഗമവും ആക്കേണ്ടതുണ്ട്.

3) പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4) വാങ്ങൽ പ്രക്രിയയിൽ പ്രോക്യൂർമെന്റ് കമ്മിറ്റി സജീവ ഇടപെടൽ നടത്തുന്നില്ല. ഇത് വിവിധ ഫണ്ടുകളുടെ ചെലവിൽ നിയന്ത്രണം നഷ്ടപ്പെടുത്തുന്നു.

5) ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജീസ്റ്ററുകളുടെയും മിനിട്ട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

6) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

7) ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്.

8)ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 02.07.09 ലെ സ.ഉ.(കൈ)നം.123/2009 /തസ്വഭവ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ കാലികമാക്കി തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

10) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

11)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-8 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവുകൾ	1,99,776	6,060,81	8,05,857	797434	8,423
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	2,26,49,379	2,26,49,379	2,26,49,379	0
ഇൻസെന്റീവ്	0	85000	85000	85000	0
ആകെ	**1,99,776**	**2,3340460**	**23540236**	**23531813**	**8,423**

തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

2020- 2021 സാമ്പത്തികവർഷത്തെ MGNREGA – യുടെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.33/21.05.2022-നു ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം	കുടുംബം-59 അംഗങ്ങൾ- 65
2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം	കുടുംബം-1124 തൊഴിലാളികൾ-1222
2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം	കുടുംബം-1124 തൊഴിലാളികൾ-1222
100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം	-
തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ	-
15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ	-
ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ	-
14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ	1064
ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം	162
തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം	162
ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ	52
പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം	13
ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം	13
സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം	13
ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം	1136
സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം	343
തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം	259
സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി	65.23 %

തൊഴിൽ ദിനങ്ങൾ	
സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം	69277
പരാതിരജിസ്റ്റർ പരിപാലനം	ഉണ്ട്
തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ	ഉണ്ട്
പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ്	ഉണ്ട്
അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ	ഇല്ല
ആസ്തിരജിസ്റ്റർ	ഉണ്ട്

തൊഴിൽദിനങ്ങൾ	തൊഴിൽകാർഡ് ഉടമകളുടെ എണ്ണം
100 ദിനങ്ങൾ	359
80-99	98
70-79	85
60-69	71
50-59	87
50 ൽ താഴെ	362

തൊഴിൽ ദിനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി അനുമതി ലഭിച്ച പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾ/മാർഗരേഖ പ്രകാരം പൂർത്തിയാക്കി ജനോപകാരപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.12.2021 മുതൽ 21.12.2021 വരെ	01.01.2021 മുതൽ 31.07.2021 വരെ	18.02.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19.08.2017	2012-13 മുതൽ 2016-17 വരെ	26.09.2017

1-10 ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) 30715/-രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട് എന്നും പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല എന്നാണ് ഓഡിറ്റ് എൻകൗയറി നമ്പർ 01/09.05.2022ന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്.

കൂടാതെ 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെ പ്രസ്തുത ഇനത്തിൽ ഒടുക്കിയ 260416/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കാനുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. 27.03.2022 ലെ B/1424/2020-ാം നമ്പർ കത്ത് പ്രകാരം പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ തിരികെ ലഭ്യമാക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നാളിതുവരെ തുക ലഭ്യമായിട്ടില്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. ടെണ്ടർ ഫോറ വിലയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുക പൂർണ്ണമായും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-1 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്റ്റ്വെയറിൽ 1 , 8 , 13 വാർഡുകളിലെ വസ്തു നികുതി ഇളവ് നൽകാത്ത താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തി നികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	ഉപയോഗ ക്രമം	വിസ്തീർണ്ണം
1	8/25	പി സുനിത, സൂര്യ ഭവൻ	പാർപ്പിടം	63 M^2
2	8/32	സതി കാവേരി ഭവനം	പാർപ്പിടം	62M^2
3	8/232A	R . ജോയി , മകം	പാർപ്പിടം	85M^2
4	13	ദേവദാസൻ ഉണ്ണി	പാർപ്പിടം	75M^2
5	1/669	ഷൈലജ	പാർപ്പിടം	104 M^2

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (36/21-5-22) ഫീൽഡ് വിസിറ്റ് നടത്തി എഞ്ചീനീയറിംഗ് വിംഗിനെക്കൊണ്ട് അളന്നു തിട്ടപ്പെടുത്തി നികുതി ചുമത്തേണ്ട കെട്ടിടങ്ങളാണെങ്കിൽ നികുതി ചുമത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-11-2 വസ്തുനികുതി-മേഖലാനിർണയത്തിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ മേഖല നിർണ്ണയിച്ചിട്ടുള്ള മാപ്പ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി ഏഴാം വാർഡിലെ ഫയലുകൾ മാത്രം പരിശോധിച്ചതിൽ ഇത്തരത്തിൽ അപാകത കണ്ടു .

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	പ്രദേശം	മേഖല
1	4	ഷീല , ചരുവിള	ദ്വിതീയം	പന്തു വിള -പേരാറക്കുടി ഏലാ വിള റോഡ്

2	4A	ബി . തങ്കമണി , ചരുവിള വീട്	ത്രിതീയം	പന്തു വിള -പേരാറക്കട ഏലാ വിള റോഡ്
3	5	കെ . രാജൻ , ചരുവിള വീട്	ദ്വിതീയം	പന്തു വിള -പേരാറക്കട ഏലാ വിള റോഡ്
4	6	തങ്കമണി , ചരുവിള വീട്	ത്രിതീയം	പന്തു വിള -പേരാറക്കട ഏലാ വിള റോഡ്
5	10	സുരേന്ദ്രൻ നായർ	ദ്വിതീയം	പന്തു വിള -പേരാറക്കട ഏലാ വിള റോഡ്
6	11	രാജൻ കുറുപ്പ്	തൃതീയം	പന്തു വിള -പേരാറക്കട ഏലാ വിള റോഡ്
7	88	രവീന്ദ്രൻ രവി സദനം	തൃതീയം	തൊട്ടിക്കല്ല് തമ്പുരാൻ നട റോഡ്
8	88A	ആർ .എസ് .ബിന്ദു , നന്ദനം	ദ്വിതീയം	തൊട്ടിക്കല്ല് തമ്പുരാൻ നട റോഡ്
9	88B	ലീന എം എസ് , അവന്തിക	തൃതീയം	തൊട്ടിക്കല്ല് തമ്പുരാൻ നട റോഡ്

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (13/17-22) പ്രസ്തുത അപാകത ഡാറ്റാ എൻട്രി വേളയിൽ വന്ന വീഴ്ചയാണെന്നും സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് മേഖലകൾ തെറ്റിയത് തിരുത്തൽ വരുത്തി അടുത്ത ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .
മുഴുവൻ വാർഡുകളിലേയും സഞ്ചയ പ്രകാരമുള്ള കെട്ടിടങ്ങളിൽ ഇപ്രകാരം അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും അപാകത പരിഹരിച്ച് തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. മേഖലാ അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് .

1-11 കെട്ടിടങ്ങളെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം12(1) പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വിവരം നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്വെയറിൽ അഞ്ചാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല.

Missing From	Missing To	Missing Total	Missing From	Missing To	Missing Total
54	54	1	292A	292C	3
57	57	1	299	299	1
60	62	1	306	306	1
66	66	1	308	308	1
70	70	1	310	310	1
74A	74C	3	313	313	1
82	82	1	316	316	1
84	84	1	321	321	1
87A	87C	3	324	324	1
117	117	1	326	326	1
132	132	1	331	331	1
135	138	4	331	331	1
156	156	1	333	331	1
163	163	1	331	331	1
165	165	1	336	336	1
167	167	1	344	344	1
175	175	1	347	347	1
223	223	1	351	351	1
232A	232C	3	354	355	2
235	235	1	362	362	1
243	243	1	368	368	1
249	249	1	371	373	3
253	253	1	375	375	1
257B	257C	2	378	378	1
260	260	1	381	382	2
262	262	1	384	384	1
265	265	1	387	388	2
268A	268C	3	391	391	1
271	271	1	393	393	1
289	289	1	395	395	1
397	397	1	429	429	1
399	399	1	431	431	1
401	401	1	434	434	1
422	422	1	440	440	1
427	427	1	444	444	1
445	445	1	547	547	1
450	450	1	550	550	1
453	453	1	555	555	1
455	455	1	562	563	2
462	462	1	565	568	4
465	465	1	570	570	1
468	468	1	573	573	1
485	485	1	574	574	1
490	491	2	577	581	5
493	493	1	583	584	2
505	505	1	586	586	1

508	508	1	588	588	1
513	513	1	592	594	3
515	516	1	598	598	1
521	521	1	603	603	1
524	524	1	613	615	3
534	534	1			
536	536	1			
538	539	2			
544	544	1	ആകെ		138

സഞ്ചയ സോഫ്റ്റ്വെയറിലെ ഡിമോളിഷ്ഡ് ബിൽഡിംഗിൽ മേൽ കെട്ടിടങ്ങളുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വിവരം ഉൾപ്പെടുത്തിയ മാന്വൽ അസസ്മെന്റ് രജിസ്റ്ററും ഇത്തരത്തിൽ അപാകത വന്നതിന്റെ കാരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം 11/17-5-22 ന് ലഭ്യമാക്കിയ മറുപടിയിൽ 2013 ൽ കുടുംബശ്രീ മുഖേന പ്രധാന കെട്ടിടങ്ങൾക്കും അനുബന്ധ കെട്ടിടങ്ങൾക്കും ക്രമമായി നമ്പർ പതിക്കുകയും അതിന് ശേഷം ടി അസസ്മെന്റ് രജിസ്റ്ററിൽ അനുബന്ധ കെട്ടിടങ്ങൾ ഒഴിവാക്കിയത് മൂലമാണ് മിസ്സിംഗ് നം അസസ്മെന്റ് രജിസ്റ്ററിൽ വന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 2020-21 വർഷം ഇത്തരത്തിൽ ഒഴിവാക്കിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തി (Prior Period Income) സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൽപ്പെടുത്തിയിട്ടുണ്ട് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് ഒഴിവാക്കിയ കെട്ടിടങ്ങളുടെ നികുതി പുനപരിശോധന നടത്തി വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-12-1 സഞ്ചയയിൽ ഇല്ലാത്ത കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് അനുവദിക്കുന്നു.

4,5 വാർഡുകളിലെ അസസ്മെന്റ് രജിസ്റ്റർ, ലേസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ സഞ്ചയയിൽ ഇല്ലാത്ത ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് വാണിജ്യസ്ഥാപനങ്ങൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ട്.

ക്രമ നം	വാർഡ്/ കെട്ടിട നം	കെട്ടിട ഉടമയുടെ പേര് വിലാസം	ഉപയോഗ ക്രമം	ലൈസൻസ് അപേക്ഷകന്റെ പേര	ലൈസൻസ് ആവശ്യകത
1	5/549	വിവരം സഞ്ചയയിൽ ലഭ്യമല്ല	ലഭ്യമല്ല	മുഹമ്മദ്അഷ്റഫ്	ടെക്സ്റ്റയിൽസ് / ഫാൻസി
2	4/550	വിവരം സഞ്ചയയിൽ ലഭ്യമല്ല	ലഭ്യമല്ല	മുഹമ്മദ്അഷ്റഫ്	ടെക്സ്റ്റയിൽസ് / ഫാൻസി
3	4/596	വിവരം സഞ്ചയയിൽ ലഭ്യമല്ല	ലഭ്യമല്ല	സജി മാവിൻ മൂട്	സൈക്കിൾ വില്പന
4	4/538	വിവരം സഞ്ചയയിൽ ലഭ്യമല്ല	ലഭ്യമല്ല	ജാഫർ ഖാൻ	ബേക്കറി

പ്രസ്തുത കെട്ടിങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, അപാകത പരിഹരിക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (26/20-5-22) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് അപേക്ഷയിൽ തെറ്റായി കെട്ടിട നമ്പർ രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ അപാകത വന്നതെന്ന് അറിയിച്ചു. ലൈസൻസ് അപേക്ഷയിലും ആയതിൻമേൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിലും തെറ്റായ നമ്പർ രേഖപ്പെടുത്തിയത് പഞ്ചായത്തിന്റ ഭാഗത്തുനിന്നുള്ള പിഴവാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ് .

1-12-2 ലൈസൻസ് പുതുക്കി നൽകിയില്ല.

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ 2 , 3, 6, 7, 9 എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2020-21 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

ക്രമ നം	വാർഡ്	ഉടമയുടെ പേര്
1	2/100	ശ്രുതി ഹാസൻ
2	2/280	സുരേന്ദ്ര ലാൽ
3	2/93	സുനിൽ എസ്
4	3/549	സജി എസ്
5	3/11	ഷെറിൻ
6	6/1822	ജയരാജ് കെ ആർ
7	6/365	ഡി ഭാസി
8	6/369	അനിത
9	6/382	ഡാനി മോൾ
10	7/310	മുരളീധരൻ
11	1740	അഖിൽ എം ലാൽ
12	7/235	റോമിയ
13	8/465	R . സുഗതൻ
14	9/123	ബൈന
15	9/234A	ജയചന്ദ്രൻ
16	9/20	വിനു വി
17	9/127A	നഹാസ്
18	9/120	സുമ എസ്
19	9/119	തുളസീധരൻ
20	9/327	ക്ഷീര സംഘം
21	9/118	എസ്. തുളസി

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (27 / 20-5-22) ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കേണ്ടതും, വരുമാന സ്രോതസ്സുകൾ ഉറപ്പു വരുത്തുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റ പരിധിയിൽ നിയമ വിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുമാണ് .

1-12-3 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല . 2 ,3 , 6 , 8, 9 വാർഡുകളിലെ ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് മാത്രം പരിശോധിച്ചതിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 20-21 വർഷം ലൈസൻസ് അനുവദിച്ചു നൽകിയിട്ടുണ്ട് .

ക്രമ നം	വാർഡ് നം	ഉടമയുടെ പേര്	വ്യാപാര സ്ഥാപനം
1	2/66	പ്രശാന്ത് സിംഗൻ	സ്റ്റേഷനറി
2	3/244	ശ്യാമള	ഫ്ളവർ മിൽ
3	3/114A	മനീഷ് ചന്ദ്രൻ	ചിക്കൻ സ്റ്റാൾ
4	3/189	അമൽ എസ്	കുബൂസ് നിർമ്മാണം
5	6/637	സുഭാഷ് കെ	ഹോട്ടൽ
6	8/278	സുനിൽ ബി	മലഞ്ചരക്ക വ്യാപാരം
7	9/37	ബീന സുധാൻസ്	ചിക്കൻ സ്റ്റാൾ
8	9/395A	അരൂപ്	കേറ്ററിംഗ് യൂണിറ്റ്
9	9/737 A	രാഹുൽ ആർ	ഹാർഡ് വെയർ ഷോപ്പ

മേൽ സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാതിരുന്നതിൽ വ്യക്തത വരുത്തുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (28/20-5-22) ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തിക വർഷം ആദ്യമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതെന്നും ആയതിന് ശേഷമാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-12-4 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി. എസ്.)എ 9-764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 8 റേഷൻ കടകളിൽ 3 റേഷൻ കടയൊഴികെ മറ്റൊന്നിനും 2020-21 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചു നൽകുകയോ, അവയിൽ നിന്നും വരുമാനത്തിനസ്യൂതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാൻറ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകൗയറി നം 22/19-5-22 ന് ലഭ്യമാക്കിയ മറുപടിയിൽ ബാക്കി അഞ്ചു റേഷൻ കടകൾക്ക് ലൈസൻസ് എടുപ്പിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-12-5 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(Ii) ബി പ്രകാരം പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ 60 ദിവസത്തിൽ കൂടുതൽ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസ്സിനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. 2020 -21 കാലയളവിൽ പഞ്ചായത്തിൽ നിർമാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകൗയറി നം 21/19-5-22 ന് ലഭ്യമാക്കിയ മറുപടിയിൽ 2020-21 വർഷം ഗ്രാമപഞ്ചായത്തിൽ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തി എടുക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പു വരുത്തേണ്ടതാണ് .

1-12 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.

2011ലെ കേരളപഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിടഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ നാലാം വാർഡിലെ അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി കണക്കാക്കുന്ന താഴെപ്പറയുന്ന കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തിനും ലൈസൻസ് നൽകിയിട്ടുണ്ട്.

ക്രമ നം	വാർഡ്/ കെട്ടിട നം	കെട്ടിട ഉടമയുടെ പേര് വിലാസം	ഉപയോഗ ക്രമം	ലൈസൻസ് അപേക്ഷകന്റെ പേര്	ലൈസൻസ് ആവശ്യകത
1	4/312	കേശവൻ , ചരുവിള വീട്	പാർപ്പിടം	സെക്രട്ടറി ക്ഷീരോല്പാദക സഹകരണ സംഘം	പാൽ സംഭരണം , വിതരണം
2	4/476	നടരാജൻ	പാർപ്പിടം	സുരേഷ്	ടീ സ്റ്റാൾ

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (25/20-5-22) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് അപക്ഷയിൽ തെറ്റായ കെട്ടിട നമ്പർ രേഖപ്പെടുത്തിയത് മൂലമാണ് അപാകത വന്നതെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് അപേക്ഷയിലും , അന്വേഷണ റിപ്പോർട്ടിലും ഇത്തരത്തിൽ തെറ്റായ നമ്പർ രേഖപ്പെടുത്തി ലൈസൻസ് നൽകിയത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള പിഴവാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ് .

1-13 അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റിയത് ലേലംചെയ്തിട്ടില്ല.

1. ഫയൽ നം -A2-1407/21

ഒറ്റൂർ എൽപി എസ് , മുള്ളറം കോട് എൽ പി എസ് എന്നിവിടങ്ങളിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മാവ് , തേക്ക് എന്നിവ മുറിച്ചുമാറ്റിയത് ലേലം ചെയ്യുന്നതിന് വാല്യുവേഷൻ നൽകുന്നതിന് 25-6-20 ന് A2-1407/20 നമ്പറായി കത്ത് നൽകിയതിന് വനം വകുപ്പിൽ നിന്നും തേക്കിന് 6432/- രൂപയും , മാവിന് -4111/- രൂപയും വില നിശ്ചയിച്ച് വനം വകുപ്പിൽ നിന്നും വാല്യുവേഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ മരങ്ങളുടെ ലേലം നടന്നിട്ടില്ല. ടി ഇനങ്ങളുടെ ലേലം തുടർ നടപടികളാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകൗയറി നം 10/17-5-22 ന് ലഭ്യമാക്കിയ മറുപടിയിൽ 3 തവണ പുനർലേല നടപടികൾ എടുത്തിട്ടും ആരും തന്നെ ലേലം കൊള്ളാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ ടി മരത്തടികളുടെ ലേല നടപടികൾ അവസാനിപ്പിക്കുന്നതിന് 29/4/22 ലെ 8(5) തീരുമാനം എടുത്തിട്ടുണ്ടെന്നാണ്. ഈ വിഷയത്തിലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് .

2. ഫയൽനം A2-332/20

ഒറ്റൂർ കൃഷി ഭവനിൽ സൂക്ഷിച്ചിട്ടുള്ള രുദ്രാക്ഷ മരം ഒൻപതാം വാർഡ് അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുള്ള മര കഷ്ണങ്ങൾ 11-ാം വാർഡിൽ മുറിച്ചുമാറ്റി വച്ചിട്ടുള്ള തേക്ക് മര കഷ്ണങ്ങൾ എന്നിവ 20-21 വർഷം ലേലം ചെയ്തിട്ടില്ല. പ്രസ്തുത ഇനങ്ങളുടെ പുനർ ലേലം സംബന്ധിച്ച് നൽകിയ 10/17-5-22 നമ്പർ ഓഡിറ്റ് എൻകൗയറിക്ക് മരങ്ങൾ ദ്രവിച്ച് ഉപയോഗശൂന്യമായതിനാൽ മരത്തടികളുടെ ലേല നടപടികൾ അവസാനിപ്പിക്കുന്നതിന് 29/4/22 ലെ 8(5) തീരുമാനം എടുത്തിട്ടുണ്ടെന്നാണ്. ഈ വിഷയത്തിലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് .

1-14 പാലിന് സബ്സിഡി -അധിക തുക അനുവദിച്ചു.

പ്രോജക്റ്റ് നം	70/21
പ്രോജക്റ്റിന്റെ പേര്	ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി -വിനിത
അടങ്കൽ	450000
ചെലവ്	368212
ഫണ്ടിനം	പ്ലാൻ ഫണ്ട് , ബ്ലോക്ക് ഫണ്ട് ,ജില്ലാ പഞ്ചായത്ത് വിഹിതം
നിർവ്വഹണോദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്റ്റർ
ബിൽ നം	ബിൽ നം 6/20 Dt 16-9-20 തുക 37304

1) മേൽ ബിൽ പ്രകാരം ഒറ്റൂർ ക്ഷീര സഹകരണ സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസന്ന കുമാരി എന്ന ഗുണഭോക്താവ് 69.7 ലിറ്റർ പാൽ ഓഗസ്റ്റ് മാസം അളന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 197 ലിറ്റർ പാൽ അളന്നതായി രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ട്. അധികം അനുവദിച്ച തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

2) ഒറ്റൂർ ക്ഷീര സഹകരണ സംഘത്തിന്റെ 2020 സെപ്റ്റംബർ മാസത്തെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം സിന്ധു ചെങ്ങഴികം (മെമ്പർ ഷിപ്പ് നം -394) എന്നവരുടെ പാലളവ് 198 ലിറ്റർ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 498 ലിറ്ററിനുള്ള തുക നൽകിയിട്ടുണ്ട് (ബിൽ നം 8/ 8-1-21 തുക 40952). വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നം.3/12-5-22) ലഭ്യമാക്കിയ മറുപടിയിൽ പ്രസന്ന കുമാരി, ശ്രീതു ഭവൻ എന്നയാളിന്റെ സ്റ്റേറ്റ്മെന്റാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-15 ലക്ഷം വീട് പുനരുദ്ധാരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രോജക്റ്റ് നം	162/21 (So)
പ്രോജക്റ്റിന്റെ പേര്	ന്യൂ ലൈഫ് പദ്ധതി- ലക്ഷം വീട് നവീകരണം
അടങ്കൽ	400000(ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ്	400000
ബിൽ നം / തുക	ബിൽ 20010752065400416452/12-8-20 തുക -300000 ബിൽ 20010752065401305087/20-3-21 തുക -100000
ഫണ്ടിനം	ജില്ലാ പഞ്ചായത്ത് വിഹിതം
നിർവ്വണോദ്യോഗസ്ഥൻ	വി ഇ ഒ-1

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്രകോളനി നവീകരണം. പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിന് 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40000/- രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 100000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2) ഭവന നിർമ്മാണത്തിന്റെ ഓരോ സ്റ്റേജും വി ഇ ഒ സർട്ടിഫൈ ചെയ്യേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം സർട്ടിഫൈ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3) നാലാം ഗഡു നൽകുന്നതിനായി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം എന്ന നിബന്ധനയുണ്ട് . എന്നാൽ തുക അനുവദിച്ച ഗുണഭോക്താക്കളുടെ ആരുടെയും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിലില്ല.

വിശദീകരണമാവശ്യപ്പെട്ടതിന് (എൻകൗയറി നം.30/20.05.22) നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് ഓവർസിയറുടെ റഫ് എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടെന്നും 200000/- രൂപയിൽ അധികം എസ്റ്റിമേറ്റ് തുക വന്നതിനാൽ ആയതിന്റെ 50% അഡ്വാൻസ് നൽകിയതാണെന്നും, പദ്ധതി പൂർത്തീകരിച്ചതിനു ശേഷം വാല്യുവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാമെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-16 ലൈഫ് ഭവന പദ്ധതി- അപാകങ്ങൾ

പ്രോജക്റ്റ് നം	108/21
പ്രോജക്റ്റിന്റെ പേര്	ലൈഫ് പദ്ധതി രണ്ടാം ഘട്ടം – തുടർച്ച

അടങ്കൽ	8,00,000- വികസന ഫണ്ട് 10,00,000- (സംസ്ഥാനാവിഷ്കൃത ഫണ്ട്) 2200000-Hudco Loan
ചെലവ്	760000 500000 1780000
നിർവ്വഹണോദ്യോഗസ്ഥൻ	വി ഇ ഒ 1

പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്കായി വിവിധ ഗഡുക്കൾ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1. ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഫയലിലില്ല.
2. തുക കൈപ്പറ്റിയ ആരുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല. മുദ്രപത്രം വച്ചിട്ടുണ്ടെങ്കിലും ആയതിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.
3. ഗുണഭോക്താക്കൾക്ക് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല തുക അനുവദിക്കുന്നത്.
4 . ഭവന നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്നുള്ള NOC ഗുണഭോക്താക്കളുടെ ഫയലിലില്ല.
മേൽ അപാകതകളിൽ വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി നം 37-21-5-22 ന് നൽകിയ മറുപടി തൃപ്തികരമല്ല. അപാകതകൾ പരിഹരിക്കേണ്ടതും തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ് . (ബി .)

പ്രോജക്റ്റ് നം	165/21(So)
പ്രോജക്റ്റിന്റെ പേര്	ലൈഫ് പദ്ധതി രണ്ടാം ഘട്ട ഗുണഭോക്താക്കൾക്ക് വീട് നൽകൽ പദ്ധതി -പട്ടിക ജാതി
അടങ്കൽ	240000- Scp 200000- State Share 820000-Hudco Loan
ചെലവ്	1260000
ബിൽ നം / തുക	എ സി ആർ ബിൽ നം 46/9-7-20 തുക-240000 വൌച്ചർ നം 22000286/6-8-20 തുക 220000

ഹഡ്കോ വായ്പയിൽ നിന്നും ഒരു ഗുണഭോക്താവിന് 220000/- രൂപ മാത്രമേ അനുവദിക്കാവൂ എന്നിരിക്കേ വൽസല എന്ന ഗുണഭോക്താവിന് വൌച്ചർ നം 22000449/21-10-20 പ്രകാരം 150000 രൂപയും , 22000553 / 1-12-20 100000 രൂപയും 22000638/13-1-20 പ്രകാരം 40000/- രൂപയും 220001053 /19-3-21 പ്രകാരം 60000/- രൂപയും അടക്കം ആകെ 350000/- രൂപ ലോണിൽ നിന്നും നൽകിയിട്ടുണ്ട് . ഇപ്രകാരം ഹഡ്കോയുമായി ഏർപ്പെട്ട കരാറിനു വിരുദ്ധമായി തുക അനുവദിച്ചതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകെയറി നം 31/20-5-22 ന്റെ മറുപടിയിൽ പ്രസ്തുത വിഷയം വിശദീകരിച്ചിട്ടില്ല. ഹഡ്കോയുമായി ഏർപ്പെട്ട കരാറിനു വിരുദ്ധമായി തുക ചെലവഴിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

1-17 പദ്ധതിയിൽ നിന്നും വ്യത്യസ്തമായി ചെലവ് ചെയ്യുമ്പോൾ ഭരണസമിതി അംഗീകാരം ഉറപ്പാക്കേണ്ടതാണ്.

പദ്ധതി നം, പേര്	എസ് 00 24/21 **നവജീവനം**
അടങ്കൽ തുക	400000 വികസന ഫണ്ട്
ചെലവ് തുക	400000/- (വികസന ഫണ്ട്)
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ

ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് വേണ്ടി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ ചുവടെ ചേർക്കും പ്രകാരം ചെലവ് ചെയ്തിരിക്കുന്നു.

1

ഇനം	പ്രോജക്ടിൽ വകയിരുത്തിയ തുക	ചെലവ് തുക
മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ	173425	174150
കൗൺസിലിംഗ്	31175	30450
ഫിസിയോതെറാപ്പി	75400	75400
യോഗ	120000	120000

2020-21 സാമ്പത്തിക വർഷം കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ യോഗ കൗൺസിലിംഗ്, ഫിസിയോതെറാപ്പി എന്നിവയ്ക്ക് ലോക്കൗൺ കാലയളവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത സാഹചര്യത്തിലും പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകെയറിക്ക് (20, 19.5.22) ലഭ്യമാക്കിയ മറുപടിയിൽ, കൗൺസിലിംഗ്, ഫിസിയോതെറാപ്പി എന്നിവ ചെയ്ത വകയിലും, യോഗയ്ക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നതിനാൽ യോഗയ്ക്കു പകരം മറ്റ് കോവിഡ് പ്രവർത്തനങ്ങൾ ചെയ്ത വകയിലും ഇൻസ്ട്രക്ടർക്ക് ശമ്പളം നല്കിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ പഞ്ചായത്ത് ഭരണസമിതി അംഗീകാരമോ, മോണിട്ടറിംഗ് റിപ്പോർട്ടോ ഹാജരാക്കിയിട്ടില്ല. ഇത്തരം അടിയന്തിര സാഹചര്യങ്ങളിൽ പദ്ധതിയിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി ചെലവ് ചെയ്യേണ്ട ഘട്ടത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗ് കൂടി വിഷയം ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈകൊള്ളേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതി നടപ്പിലാക്കേണ്ടതും പദ്ധതി സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതുമാണ്.

1-18 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാനവൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒറ്റൂർ ഗ്രാമ പഞ്ചായത്തൽ 2020-21ൽ നടപ്പാക്കിയ 53 പ്രവൃത്തികളിൽ ചുവടെ പറയുന്ന 25 പ്രവൃത്തികൾ (റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഒഴികെയുള്ള ഭൂരിഭാഗം പ്രവൃത്തികളും) എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ജനറൽ കമ്മിറ്റി തീരുമാനം
1	124/21	ഞായലിൽ അംഗനവാടിക്ക് ചുറ്റുമതിൽ നിർമ്മാണം	27.01.20 ലെ 2(10)
2	131/21	പോസ്റ്റ് ഓഫീസ് കുഞ്ചുവീട് റ്റോഡ് റീകോൺക്രീറ്റിംഗും റാമ്പ് നിർമ്മാണവും	22.02.20 ലെ 1(5)
3	136/21	പി.എച്ച്.സി. പുനരുദ്ധാരണം	22.02.20 ലെ 1(4)
4	137/21	മങ്കാട്ടുമൂല കുന്നുവിള റോഡ് റീകോൺക്രീറ്റിംഗ്	22.02.20 ലെ 1(3)
5	138/21	പോസ്റ്റ് ഓഫീസ് കുഞ്ചുവീട് റോഡ് റീകോൺക്രീറ്റിംഗ്	22.02.20 ലെ 1(6)
6	142/21	അംഗനവാടികളിലെയും സ്കൂളുകളിലെയും കിണറുകളുടെയും പൊതു കിണറുകളുടെയും അറ്റകുറ്റപ്പണി	10.03.20 ലെ 1(5)
7	175/21	ഞായലിൽ പട്ടികജാതി കോളനി നടപ്പാത നിർമ്മാണം	15.02.21ലെ 1(31)
8	161/21	വേടർവിള കാവുവിള റോഡ് കോൺക്രീറ്റ്	11.12.19 ലെ 1(4)
9	177/21	അംഗനവാടികളിൽ ടോയ്ലറ്റ് നിർമ്മാണവും അറ്റകുറ്റപ്പണികളും	15.05.21ലെ 1(25)
10	58/21	മാമ്പഴക്കോണം തോക്കാലയിൽ മണൽ വരമ്പ് റോഡ് പുനരുദ്ധാരണം	15.02.21 ലെ 1(28)
11	44/21	തോപ്പുവിള അംഗനവാടി കിണർ നിർമ്മാണം	15.02.21 ലെ 1(27)
12	155/21	മാവിൻമൂട് അയലിക്കോണം പാണർ കോളനി റോഡ് കോൺക്രീറ്റിംഗും സൈഡ്വാൾ നിർമ്മാണവും	15.02.21 ലെ 1(29)
13	35/21	പാറവിള ആലുംപൊയ്ക റോഡ് കോൺക്രീറ്റിംഗ്	15.02.21 ലെ 1(30)
14	180/21	വടശ്ശേരിക്കോണം മൃഗാശുപത്രി സബ്സെന്റർ നിർമ്മാണം പൂർത്തീകരണം	2.11.20 ലെ 1(6)
15	151/21	മൂങ്ങോട് ചർച്ച് റോഡ് മെയിന്റനൻസ്	16.09.20 ലെ 1(2)
16	67/21	മൂങ്ങോട് വാടയിൽ ഓടയ്ക്ക് സ്ലാബ് നിർമ്മാണം	2.11.20 ലെ 1(2)
17	100/21	പുളിക്കൽ കടവിൽ വാടയിൽ റോഡ് നടപ്പാലം നിർമ്മാണം	2.11.20 ലെ 1(3)
18	159/21	മാലിന്യ നിർമ്മാർജ്ജന പദ്ധതി എം.സി.എഫ് കെട്ടിട നിർമ്മാണം 2ാം ഘട്ടം പൂർത്തീകരണം	19.06.20 ലെ 1(10)
19	76/21	വല്ലിയവിള അംഗനവാടി ചുറ്റുമതിൽ നിർമ്മാണം	2.11.20 ലെ 1(4)
20	154/21	ശ്രീനാരായണപുരം വടക്കതിനകം റോഡ് കോൺക്രീറ്റ്	2.11.20 ലെ 1(5)
21	157/21	കിഴക്കതിൽ വാതുക്കൽ ട്രാക്കർ പാത നിർമ്മാണം	3.08.20 ലെ 1(6)
22	148/21	നെല്ലിക്കോട്ട് മുട്ടത്തഴികം റോഡ് റീ കോൺക്രീറ്റിംഗ്	3.08.20 ലെ 1(9)
23	158/21	ഒറ്റൂർ എൽ.പി.എസ് ഡൈനിംഗ് ഹാൾ മെയിന്റനൻസ്	19.06.20 ലെ 1(9)
24	81/21	പോസ്റ്റ് ഓഫീസ് കുഞ്ചു വീട് റോഡ് സൈഡ് വാൾ നിർമ്മാണം	2.11.20 ലെ 1(7)
25	149/21	ഒറ്റൂർ കൈത്തറി റോഡ് മെയിന്റനൻസ്	19.06.20 ലെ 1(9)

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻകയറിക്ക് (05/16.05.2022) ലഭ്യമാക്കിയ മറുപടിയിൽ വിവിധ സൈറ്റുകളിൽ പ്രവൃത്തി നടപ്പാക്കിയ സമയത്ത് വന്ന വ്യതിയാനം കാരണമാണ് എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ട സാഹചര്യമുണ്ടായത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. വിശദമായ സൈറ്റ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് കാരണമാണ് ഇപ്രകാരം എസ്റ്റിമേറ്റുകൾ പൂതുക്കുന്ന സാഹചര്യമുണ്ടാവുന്നത്. ഭാവിയിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി കൃത്യമായി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതും കഴിവതും എസ്റ്റിമേറ്റ് പുതുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-19 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിയ്ക്ക് (09/16.05.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ 250 റോഡുകളുണ്ട് എന്നും ഇതിൽ പകുതി റോഡുകൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളുവെന്നും ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം നിലവിലെ എല്ലാ റോഡുകളും ഉൾപ്പെടുത്തി ഒരു കണക്കൂവിറ്റി മാപ്പ് തയ്യാറാക്കി R Track എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിലെ എല്ലാ റോഡുകളും മാപ്പ് ചെയ്യുകയും ആയതിന്റെ പ്യൂരിഫിക്കേഷൻ പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി, ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-20 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ

പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്നും 2022-23 വാർഷിക പദ്ധതി രൂപീകരിക്കുന്ന വേളയിൽ മേൽ ഉത്തരവു പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (16/18.05.2022) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ ഉത്തരവ് പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 പാഥേയം- വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പാഥേയം- പൊതു വിഭാഗം, പാഥേയം-എസ്.സി.പി. എന്നീ പദ്ധതികൾക്കായി ചുവടെ പറയുന്ന ബില്ലുകൾ പ്രകാരം ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്.

പ്രോജക്ട്	ഫണ്ടിനം	അടങ്കൽ തുക	ബിൽ നം, തീയതി	ചെലവ് തുക
പാഥേയം(22/21)-പൊതുവിഭാഗം	വികസന ഫണ്ട്-പൊതുവിഭാഗം	1,03,680	401/30.03.21	1,03,680
പാഥേയം(25/21)-പട്ടിക ജാതി	വികസന ഫണ്ട്-എസ്.സി.പി	1,26,720	402/30.03.21	1,26,720
ആകെ തുക				**2,30,400**

പരിശോധനാവേളയിൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (നം. 18/18.05.2022) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ഇതുവരെയും ലഭ്യമായിട്ടില്ല എന്നും ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-22 വിദ്യാർത്ഥികൾക്ക് പഠനമുറി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട്	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (99/21)
അടങ്കൽ തുക	12,00,000/- (വി.ഫ.-എസ്.സി.പി.)
ചെലവ് തുക	6,65,000/-
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്.

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം 2020-21 ൽ 5 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 6,65,000/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. സ്ഥിതി , C/O ഷീബ, പ്രസാദം, വെട്ടിമൺകോണം എന്ന ഗുണഭോക്താവിന് 2 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

2. ശ്രീജിത്.ആർ. , C/O സുമ, പാലമുട്ടിൽ, മുള്ളറംകോട് എന്ന ഗുണഭോക്താവിന് 2 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

3. വൈഷ്ണവി C/O ശാലിനി,വൈഷ്ണവം, നെല്ലിക്കോട് എന്ന ഗുണഭോക്താവിന് 90,000/- രൂപ നൽകിയിട്ടുണ്ട് (ബാക്കി തുക 2021-22 ൽ നൽകിയതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.) പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (നം. 34/20.05.2022) ഗുണഭോക്താക്കളിൽ നിന്ന് രേഖകൾ ലഭ്യമാക്കി ഉടൻ തന്നെ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-23 വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി സജീവമായി ഇടപെടുന്നില്ല.

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം, ഗ്രാമപഞ്ചായത്തിന് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടി ക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രോക്യൂർമെന്റ് ടീം രൂപീകരിക്കേണ്ടതാണ്.

എന്നാൽ ഒറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം രണ്ട് പ്രാവശ്യം (23.09.20, 08.02.21) മാത്രമാണ് ചേർന്നത്. ഇതിൽ 23.09.20 ലെ യോഗത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കലും സംരക്ഷണവും എന്ന പ്രോജക്ട് പ്രകാരം സിഗ്മ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ഹാജരാക്കിയ ഉപകരണങ്ങൾ കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകുകയുണ്ടായി. 08.02.21 ൽ ചേർന്ന യോഗത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ നൽകൽ എന്ന പ്രോജക്ട് പ്രകാരം ഏറ്റവും കുറഞ്ഞ റേറ്റ് കാട്ട് ചെയ്ത ശബരി സ്റ്റീൽ ഫർണിച്ചർ ഹാജരാക്കിയ സാമ്പിൾ പരിശോധിച്ച് പർച്ചേസ് ഓർഡറിന് അംഗീകാരം നൽകി നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തി.

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന വിവിധ നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ പ്രൊക്യുയർമെന്റ് കമ്മിറ്റിയുടെ സജീവ ഇടപെടൽ നടന്നതായി മിനിട്സ് ബുക്കിൽ രേഖകളില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A)പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ(19/21)

B)പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ(98/21)

C)ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറുകൾ, പ്രിന്ററർ എന്നിവ വാങ്ങി നൽകൽ(210/21)

D)ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് റിവോൾവിംഗ് ചെയർ വാങ്ങി നൽകൽ(207/21)

E)ശ്രീനാരായണപുരം യു.പി.എസിൽ സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനും ഡിസ്ട്രോയറും സ്ഥാപിക്കൽ(187/21)

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (14.05.2022) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ പ്രസ്തുത ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ മെഡിക്കൽ ഓഫീസർ (PHC) മുഖാന്തിരം 63 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ഹെൽപ്പ്സ്ക്ക്/വാർ റൂം രൂപീകരിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും 2020-21 ൽ 1,38,781/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.

(സാധാ)നം.1364/2020/ത.സ്വ.ഭ.വ. പ്രകാരം എഫ്.എൽ.ടി.സി.-കളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി മാനേജിംഗ് കമ്മിറ്റിയും കോർ കമ്മിറ്റിയും രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശാനുസരണം സി.എഫ്.എൽ.ടി.സി. ആരംഭിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിരുന്നെങ്കിലും ഏകീകൃത സ്വഭാവത്തിൽ സമീപ പഞ്ചായത്തുകളിൽ സി.എഫ്.എൽ.ടി.സി. ആരംഭിച്ച സാഹചര്യത്തിൽ, സി.എഫ്.എൽ.ടി.സി.പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നം. 15/18.05.2022) മറുപടിയായി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ IQC, BPM മോഡൽ സ്കൂളിലാണ് പ്രവർത്തനം ആരംഭിച്ചത്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 2020-21 വർഷം 72,563/- രൂപ ലഭിച്ചു. 26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ത.സ്വ.ഭ.വ. പ്രകാരം കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിട്ടുണ്ട്. അവിടെ ഗ്രാമപഞ്ചായത്ത് ജീവനക്കാരെ നിയമിച്ചിട്ടില്ല. സന്നദ്ധ പ്രവർത്തകരായിരുന്നു കമ്മ്യൂണിറ്റി കിച്ചണിലെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. സംഭാവനയായി ലഭിച്ച 86011/- രൂപ കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനത്തിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്നും സാധനങ്ങൾ സംഭാവനയായി ലഭിച്ചിരുന്നുവെന്നും ഓഡിറ്റ് എൻകയറിക്ക് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ടിംഗ് നടത്തി രേഖപ്പെടുത്തലുകൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്	2020-21	**55365** (മുൻബാക്കി) **1635683** (വരവ്)	കേദാരം വികസനം നെൽകൃഷി-2ാം വിള	328848	**55365**
			കേദാരം സമഗ്രനെൽകൃഷി	374000	
			ന്യൂ ലൈഫ്-ലക്ഷംവീട് നവീകരണം	400000	
			മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	185250	
			ക്ഷീരസമൃദ്ധി-വനിത(Sം)	148765	
			ക്ഷീരസമൃദ്ധി-ജനറൽ(Sം)	96104	
			ക്ഷീരസമൃദ്ധി	34504	
			ക്ഷീരസമൃദ്ധി-വനിത	68212	
			ആകെ	**1635683**	
ബ്ലോക്ക് പഞ്ചായത്ത്	2020-21	**176661** (മുൻബാക്കി) **1581750** (വരവ്)	കേദാരം സമഗ്രനെൽകൃഷി	731000	**176661**
			ജൈവസമൃദ്ധി-പച്ചക്കറികൃഷി	5100	
			ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	35400	
			മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	185250	
			പാലിയേറ്റിവ് കെയർ	125000	
			ക്ഷീരസമൃദ്ധി-വനിത	150000	

ക്ഷീരസമൃദ്ധി-ജനറൽ	100000
അംഗനവാടി പോഷകാഹാരം	50000
ഒറ്റൂർ എൽ.പി.എസ് ഡൈനിംഗ് ഹാൾ നവീകരണം	200000
ആകെ	**1581750**

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിനിയോഗം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻ ബാക്കി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക	ബാക്കിയുള്ള തുക
KWA	ഓപ്പൺ ലൈൻ ഡീൽഷ്പ്പിക്കൽ	3,11,864	7,14,631	-	-	10,26,495
KSEB	ഞായലിൽ തുമ്പോട്ടുകോണം റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	4,03,756	14,706*	-	-	4,18,462

** തനതു ഫണ്ടിൽ നിന്നും 706/- രൂപ ചെലവഴിച്ചത് സുലേഖ എക്സ്റ്റെൻഡിച്ചർ സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം.

വായ്പയുടെ പേര്/ ഉദ്ദ്യേശ്യം	ഉത്തരവ് നം./ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി	G.O.(RT)4461/20 തീയതി 03.08.2020, G.O.(RT)43/20 തീയതി 01.01.21	9870127	3620000	922000	12568127

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	53,21,552
ഓഡിറ്റ് വർഷത്തെ വരവ്	5,55,70,004
ആകെ	6,08,91,556
ഓഡിറ്റ് വർഷത്തെ ചെലവ്	5,43,20,816
നീക്കിയിരിപ്പ്	65,70,740
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01	എൽ.എഫ്.റ്റി.ഡി/ ജി.പി.9/887/02 തീയതി, 17.07.2004	1
2003-04	എൽ.എഫ്.റ്റി.ഡി/ ജി.പി.9/531/05 തീയതി, 17.07.2004	5
2005-06	എൽ.എഫ്.റ്റി.ഡി/ ജി.പി.7/680/08 തീയതി, 04.07.2009	18
2006-07	എൽ.എഫ്.റ്റി.ഡി/ ജി.പി.7/576/08 തീയതി, 17.07.2014	5
2007-08	എൽ.എഫ്.റ്റി.ഡി/ ജി.പി.7/374/08തീയതി, 17.07.2014	2
2008-09	എൽ.എഫ്.റ്റി.ഡി/ ജി.പി.7/405/10 തീയതി, 17.07.2014	8
2009-10 2010-11	എൽ.എഫ്.റ്റി.ഡി/ ജി.പി.7/1996/2013 തീയതി, 19.11.2013	16
2011-12	എൽ.എഫ്.റ്റി.ഡി/ ജി.പി.7/819/2014 തീയതി, 24.05.2014	12
2012-13	എൽ.എഫ്.റ്റി.ഡി/ ജി.പി.7/2309/15 തീയതി, 17.07.2014	15
2013-14	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/1241/18 തീയതി, 19.04.2018	8
2014-15	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/1241/18 തീയതി, 19.04.2018	3
2015-16	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/1241/18 തീയതി, 19.04.2018	3
2016-17	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/1711/17 തീയതി, 10.08.2017	15
2017-18	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/306/2018, തീയതി 29.04.2019	28
2018-19	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/344/2020 തീയതി 18.05.2020	42
2019-20	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/693/2021 തീയതി 31.03.2021	40

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്